കേരള സർക്കാർ

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്

# സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2015–2016 വർഷത്തെ ഭരണ റിപ്പോർട്ട്

©
കേരള സർക്കാർ
2017

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ചത്. 2017.

# സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2015–2016 വർഷത്തെ ഭരണ റിപ്പോർട്ട്

3/3069/2017/S-15.

# കേരള സർക്കാർ

## സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്—സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ 2015-2016 വർഷത്തെ ഭരണ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

## ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

**സ. ഉ. (പി) നമ്പർ 11/17/പ്ലാനിംഗ്.** **തിരുവനന്തപുരം, 2017 ഏപ്രിൽ 21.**

---

പരാമർശം:—സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ 4-11-2016-ലെ പി.ബി.(1)/11155/16/ഡി.ഇ.എസ്. നമ്പർ കത്ത്.

## ഉത്തരവ്

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ 2015-16 വർഷത്തെ ഭരണ റിപ്പോർട്ട് അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(1) റിപ്പോർട്ട് രേഖപ്പെടുത്തി.

(2) റിപ്പോർട്ട് വർഷത്തിൽ ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ ആയിരുന്നു.

(3) വകുപ്പിന്റെ ഘടന.

വകുപ്പിന്റെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും സംസ്ഥാന തലത്തിൽ ഡയറക്ടറേറ്റും 14 ജില്ലാ ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഓഫീസുകളുടെ പരിധിയിൽ 61 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളും പ്രവർത്തിക്കുന്നു.

## വകുപ്പിലെ പ്രധാന പദ്ധതികളും വിഭാഗങ്ങളും

**1. കാർഷിക സ്ഥിതിവിവരക്കണക്കുകൾ (ഇ.എ.ആർ.എ.എസ്.)**

സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ഓരോ കാർഷിക വർഷവും സാമ്പിൾ സർവ്വേയിലൂടെ ശേഖരിച്ച് ക്രോഡീകരിച്ച് വിശകലനം ചെയ്യുന്നതിനും, ആയത് റിപ്പോർട്ടാക്കി കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും മറ്റ് ഏജൻസികൾക്കും നൽകുന്നതിനായി ഇ.എ.ആർ.എഎസ്. എന്ന 100% സെൻട്രൽ സെക്ടർ പദ്ധതി ഈ വകുപ്പിന്റെ കീഴിൽ നടത്തിവരുന്നു.

3/3069/2017/S-15.

അതാത് വർഷങ്ങളിൽ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി, ഓരോ കാർഷിക വിളകളും കൃഷി ചെയ്യുന്ന ഭൂവിസ്തൃതി, അവയുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത, ഉൽപ്പാദന നിരക്ക്, പ്രകൃതിക്ഷോഭവും മറ്റ് കാരണങ്ങളാലും കൃഷിനാശം സംഭവിച്ച വിളകളുടെ വിസ്തൃതി, വിളകളുടെ ജലസേചന സംബന്ധമായ വിവരങ്ങൾ, ദേശീയ വിള ഇൻഷുറൻസ് സ്കീമിൽ (NAIS) ഉൾപ്പെടുത്തിയിട്ടുള്ള വിളകളുടെ ശരാശരി വിളവ് മുതലായ സുപ്രധാന സ്ഥിതിവിവരക്കണക്കുകൾ ഈ പദ്ധതിയിലൂടെ ശേഖരിക്കുന്നു.

ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങൾ 13 ഇനങ്ങളിൽ തരംതിരിച്ച് ശേഖരിക്കുന്നതിലൂടെ യഥാർത്ഥ കൃഷിഭൂമി, വിസ്തൃതി, വിവിധ ഇനം തരിശുഭൂമി, കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന സ്ഥലവിസ്തൃതി, മറ്റു കാർഷികേതര ഉപയോഗങ്ങൾക്കായുള്ള ഭൂവിസ്തൃതി തുടങ്ങിയവ തിട്ടപ്പെടുത്തുവാൻ കാർഷിക സ്ഥിതിവിവരക്കണക്ക് സർവ്വേയിലൂടെ സാധിക്കുന്നു. കാർഷിക ഭൂവിനിയോഗം ശേഖരിക്കുമ്പോൾ കാലിക വിളകൾ, വാർഷിക വിളകൾ, ദീർഘകാല വിളകൾ എന്നിവയുടെ വിവരങ്ങളും ജലസേചന മാർഗ്ഗത്തിനായി ഉപയോഗിക്കുന്ന വിവിധ ജലസേചനസ്രോതസ്സുകളുടെ വിവരങ്ങളും പ്രത്യേകം ശേഖരിക്കുന്നു.

2014-15 വർഷത്തെ കാർഷിക സ്ഥിതിവിവരക്കണക്ക് റിപ്പോർട്ടിന്റെ പ്രിന്റിംഗ് ജോലികൾ പുരോഗമിക്കുന്നു. ഈ റിപ്പോർട്ടുകൾ ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റായ www.ecostatkerala.gov.in-ൽ ലഭ്യമാണ്. 2015-16 കാർഷിക വർഷത്തെ സർവ്വേ ജോലികൾ 1-7-2015-ൽ ആരംഭിച്ചു. സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കുള്ള സംസ്ഥാനതല പരിശീലന പരിപാടി 3-7-2015, 4-7-2015 എന്നീ തീയതികളിൽ നടത്തുകയുണ്ടായി. സൂപ്പർവൈസറി ഉദ്യോഗസ്ഥർക്കും ഫീൽഡ്തല ഉദ്യോഗസ്ഥർക്കും ജില്ലാതലത്തിലുള്ള പരിശീലന പരിപാടികൾ വർഷാരംഭം തന്നെ അതാത് ജില്ലകളിൽ വച്ച് നടത്തുകയുണ്ടായി. കൂടാതെ ഇ.എ.ആർ.എ.എസ്. സർവ്വേയുടെ എസ്റ്റിമേഷൻ രീതികളെക്കുറിച്ച് 17-11-2015-ലും Improvement of Crop Statistics പദ്ധതിയുമായി ബന്ധപ്പെട്ട് സാമ്പിൾ ചെക്ക് സർവ്വേയുടെ ഫീൽഡുതല ഉദ്യോഗസ്ഥർക്ക് 18-11-2015-ലും സംസ്ഥാന തലത്തിൽ പരിശീലന പരിപാടികൾ നടത്തി.

2015-16 കാർഷിക വർഷത്തെ വിള പ്രവചന റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രധാന വിളകളുടെ മൂന്നാമത് അഡ്വാൻസ് എസ്റ്റിമേറ്റ്സ് റിപ്പോർട്ട് കേന്ദ്ര സർക്കാരിന് യഥാസമയം അയച്ചുകൊടുത്തു. ടി റിപ്പോർട്ട് ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ കശുവണ്ടി, ഇഞ്ചി, മഞ്ഞൾ തുടങ്ങിയ വിളകളുടെ വിള പ്രവചന റിപ്പോർട്ടും ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

2015-16 കാർഷിക വർഷത്തെ നിലം ഭൂമി സർവ്വേയുടെ ഒന്നും രണ്ടും മൂന്നും സന്ദർശനങ്ങളും കരഭൂമി സർവ്വേയുടെ 1-ാം സന്ദർശനവും പൂർത്തിയായിട്ടുണ്ട്. കരഭൂമി സർവ്വേ 2-ാം സന്ദർശനം പുരോഗമിക്കുന്നു. വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിലെ നെല്ലിന്റെ വിസ്തൃതി തയ്യാറാക്കി ഗവൺമെന്റ് ഓഫ് ഇന്ത്യക്ക് യഥാസമയം അയച്ചുകൊടുത്തിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ ഡിപ്പാർട്ടുമെന്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ജനറൽ ക്രോപ്പ് എസ്റ്റിമേഷൻ സർവ്വേയിലെ വിരിപ്പ്, മുണ്ടകൻ സീസണുകളിലെ നെല്ലിന്റെ വിളപരീക്ഷണങ്ങൾ പൂർത്തിയായിട്ടുണ്ട്. മറ്റ് വിളകളുടെ വിളപരീക്ഷണങ്ങൾ പുരോഗമിക്കുന്നു.

2015-16 വർഷത്തെ വിരിപ്പ്, മുണ്ടകൻ സീസണുകളിലെ നെല്ലിന്റെ പഞ്ചായത്തുതല ശരാശരി വിളവ് കണക്ക് തയ്യാറാക്കി സംസ്ഥാന കൃഷി വകുപ്പിനും ദേശീയ കാർഷിക വിള ഇൻഷുറൻസ് കമ്പനിക്കും യഥാസമയം നൽകിയിട്ടുണ്ട്. 2015-16 കാർഷിക വർഷത്തെ വിരിപ്പ് നെല്ലിന്റെ ഉൽപ്പാദനം കണക്കാക്കി ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് നൽകി. വിരിപ്പ് നെല്ലിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ജില്ലാതല Standard error ഉൾപ്പെടെ CES ടേബിൾസ് തയ്യാറാക്കി NSSO-യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2015-16 കാർഷിക വർഷത്തെ ഖാരിഫ് സീസണിലെ മരച്ചീനി, ഏത്തവാഴ എന്നിവയുടെയും റാബി-II സീസണിലെ മരച്ചീനി, മറ്റുവാഴ എന്നിവയുടെയും ബ്ലോക്കുതല ശരാശരി വിളവ് കണക്ക് റിപ്പോർട്ടുകൾ തയ്യാറാക്കി കൃഷി വകുപ്പിനും ദേശീയ കാർഷിക വിള ഇൻഷുറൻസ് കമ്പനിക്കും യഥാസമയം നൽകി. 2015-16 കാർഷിക വർഷത്തെ വിരിപ്പ് നെല്ലിന്റെ ഉൽപ്പാദനം ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ നാഷണൽ സാമ്പിൾ സർവ്വേ ഓഫീസും (NSSO), സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പു (DES) സംയുക്തമായി നടപ്പിലാക്കിവരുന്ന Improvement of Crop Statistics (ICS) പദ്ധതി, ഇ.എ.ആർ.എ.എസ്. സർവ്വേയിലെ പോരായ്മകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിനായി നടപ്പുവർഷത്തിലും നടപ്പിലാക്കിവരുന്നു. 2014-15 വർഷത്തെ കോക്കനട്ട് സെസ് ടേബിൾസ് തയ്യാറാക്കി NSSO-യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2014-15 വർഷത്തെ വിരിപ്പ്, മുണ്ടകൻ, പുഞ്ച സീസണുകളിലെ നെല്ലിന്റെയും മറ്റു വിളപരീക്ഷണങ്ങളായ കുരുമുളക്, അടയ്ക്ക, ഏത്തവാഴ എന്നിവയുടെയും സ്റ്റേറ്റ്, സെൻട്രൽ സാമ്പിളുകളുടെ AS 2.0 ഷെഡ്യൂളുകളുടെ ടാബുലേഷൻ ജോലികൾ പൂർത്തിയാക്കി NSSO-യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

2015-16 വർഷത്തെ ഇ.എ.ആർ.എ.എസ്. പ്രവർത്തനങ്ങളുടെ ഭൗതിക-സാമ്പത്തിക പുരോഗതി റിപ്പോർട്ടുകൾ യഥാസമയം കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഇ.എ.ആർ.എ.എസ്. സ്കീമിലേക്ക് കേന്ദ്ര സർക്കാർ അനുവദിച്ച 3350 ലക്ഷം രൂപയിൽ 3344.58 ലക്ഷം (പ്രൊവിഷണൽ) രൂപ ചെലവായിട്ടുണ്ട്.

2. വ്യവസായ സ്ഥിതിവിവരക്കണക്ക് വിഭാഗം

കേരളത്തിലെ വ്യാവസായിക വളർച്ചയുടെ തോത് മനസ്സിലാക്കുന്നതിന് സ്ഥിതിവിവരക്കണക്കുകളുടെ ആവശ്യകത അത്യന്താപേക്ഷിതമാണ്. ആനുവൽസർവ്വേ ഓഫ് ഇൻഡസ്ട്രീസ്, ഇൻഡക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ അതുപോലെ വ്യാവസായിക മേഖലയിലെ വിവിധതരം സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കൽ ഈ വകുപ്പിന്റെ ചുമതലയാണ്.

2012-13 സർവ്വേയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. 2013-14 വർഷത്തെ ഡാറ്റാ എൻട്രി ചെയ്ത ഷെഡ്യൂളുകളുടെ ഡയറക്ടറേറ്റ് തലത്തിലുള്ള സ്ക്രൂട്ടിനി, വാലിഡേഷൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിൽ നിന്നും സെൻട്രൽ സാമ്പിൾ യൂണിറ്റ് ലെവൽ ഡാറ്റാ ലഭ്യമാക്കുന്നമുറയ്ക്ക് സ്റ്റേറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

എ.എസ്.ഐ. 2014-15 വർഷത്തെ സർവ്വേയുടെ ഫീൽഡ് ജോലി പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേയുടെ കാലാവധി 2016 മാർച്ച് വരെയാണ്.

3. വ്യാവസായികോല്പാദന സൂചികാ വിഭാഗം

സംസ്ഥാനത്തെ വ്യാവസായിക രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ പഠിക്കുന്നതിനായി വകുപ്പ് നിശ്ചിത കാലയളവുകളിൽ വ്യാവസായിക ഉത്പാദന സൂചികയും വ്യാവസായിക മൊത്ത വിലനിലവാര സൂചികയും തയ്യാറാക്കി വരുന്നു. ആയതിനായി സംസ്ഥാനമൊട്ടാകെയുള്ള വ്യവസായ സംരംഭങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടവയിൽ നിന്നും നിശ്ചിത പ്രൊഫോർമയിൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

വ്യാവസായിക ഉൽപ്പാദന സൂചിക തയ്യാറാക്കുന്നതിന്റെ അടിസ്ഥാന വർഷം 2004-05-ൽ നിന്നും 2011-12-ലേക്ക് മാറ്റുന്നതുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തീകരിച്ച് 2015 ഏപ്രിൽ മുതൽ ഓരോ മാസത്തെ വ്യാവസായിക ഉൽപ്പാദന സൂചിക തയ്യാറാക്കുന്നു. ആയതിൻപ്രകാരം 2015 ഡിസംബർ വരെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**4. സർവ്വേ രൂപകൽപ്പന വിഭാഗം**

ആനുകാലിക പ്രാധാന്യമുള്ള വിഷയങ്ങളെ സംബന്ധിച്ച് സർവ്വേകളും പഠനങ്ങളും നടത്തി വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാനത്തിന്റെ പദ്ധതി രൂപീകരണത്തിന് വേണ്ട വിവരങ്ങൾ നൽകുകയാണ് ഈ വിഭാഗത്തിന്റെ ചുമതല.

ഇതിനുപുറമേ മറ്റു വകുപ്പുകൾക്കാവശ്യമായ വിഷയങ്ങളിൽ പ്രത്യേക പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പതിമൂന്നാം ധനകാര്യ കമ്മീഷൻ അവാർഡ്, കേരള സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർവ്വേകൾ നടത്തി റിപ്പോർട്ട് തയ്യാറാക്കുക തുടങ്ങിയ ഉത്തരവാദിത്വങ്ങളും സർവ്വേ രൂപകൽപ്പന വിഭാഗത്തിനുണ്ട്.

2015-16 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ നിർമ്മാണ/കാർഷിക മേഖലകളിലെ തൊഴിലാളി ദൗർലഭ്യതയെക്കുറിച്ചുള്ള സർവ്വേ (2015-16), കേരളത്തിലെ ഹോം നഴ്സിംഗ് സ്ഥാപനങ്ങളെക്കുറിച്ചുള്ള സർവ്വേ (2015-16) എന്നിവയാണ് വകുപ്പിൽ നടത്തിയിട്ടുള്ളത്. കേരളത്തിലെ നിർമ്മാണ/ കാർഷിക മേഖലകളിലെ തൊഴിലാളി ദൗർലഭ്യതയെകുറിച്ചുള്ള സർവ്വേയുടെ ഫീൽഡുതല ജോലി കഴിഞ്ഞ് ഡേറ്റാ എൻട്രി പൂർത്തീകരിക്കുകയും സർവ്വേ റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ഹോം നഴ്സിംഗ് സ്ഥാപന ങ്ങളെക്കുറിച്ചുള്ള സർവ്വേയുടെ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുകയും ചെയ്തിട്ടുണ്ട്.

**5. ദേശീയ സാമ്പിൾ സർവ്വേ വിഭാഗം (NSS)**

കേന്ദ്ര സർക്കാരിന്റെ നാഷണൽ സർവ്വേ ഓഫീസ് ദേശീയതലത്തിൽ നടത്തിവരുന്ന സാമൂഹിക സാമ്പത്തിക സർവ്വേകളിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കൊപ്പം കേരളവും പങ്കെടുത്തു. ഇതിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ സംസ്ഥാന സർക്കാരിന്റെ പദ്ധതി രൂപീകരണത്തിനും സംസ്ഥാന വരുമാനം നിർണ്ണയിക്കുന്നതിനും ഗവേഷണത്തിനും മറ്റും ഉപയോഗിച്ചുവരുന്നു. സർവ്വേയിൽ ശേഖരിക്കുന്ന വിവരങ്ങൾ എന്തെല്ലാമാണെന്നും അത് എപ്പോൾ എവിടെ നിന്നായിരിക്കണമെന്നും നിശ്ചയിക്കുന്നത് ദേശീയതലത്തിൽ ആസൂത്രണ കമ്മീഷനും, സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസും, നാഷണൽ സാമ്പിൾ സർവ്വേ ഓഫീസും കൂടി ചേർന്നാണ്. കേരള സർക്കാരിനുവേണ്ടി പ്രസ്തുത വിവരങ്ങൾ ശേഖരിക്കുന്നത് സംസ്ഥാന സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ ദേശീയ സാമ്പിൾ സർവ്വേ വിഭാഗമാണ്.

2015-16 സാമ്പത്തിക വർഷത്തിൽ ദേശീയ സാമ്പിൾ സർവ്വേയുടെ 72-ാം റൗണ്ട് സർവ്വേ (2014 ജൂലൈ മുതൽ 2015 ജൂൺ വരെ)-യുടെ ഫീൽഡുതല ജോലികൾ പൂർത്തിയായി. ടി റൗണ്ടിന്റെ വിഷയം ആഭ്യന്തര വിനോദ സഞ്ചാരം എന്നതായിരുന്നു. കൂടാതെ 2015 ജൂലൈ മുതൽ 2016 ജൂൺ വരെ നീണ്ടുനിൽക്കുന്ന 73-ാം റൗണ്ട് സർവ്വേയുടെ ഫീൽഡ്തല ജോലികൾ നടന്നുവരുന്നു. ടി റൗണ്ടിന്റെ വിഷയം അസംഘടിത മേഖലയിലെ കാർഷികേതര സംരംഭങ്ങൾ ആണ്.

70, 71 റൗണ്ട് സർവ്വേകളുടെ ഡാറ്റാ വാലിഡേഷൻ പൂർത്തീകരിച്ചു. 72-ാം റൗണ്ട് സർവ്വേയുടെ ഡാറ്റാ എൻട്രി, സ്ക്രൂട്ടിനി/ഇൻസ്പെക്ഷൻ ജോലികൾ പൂർത്തീകരിച്ചു.

73-ാം റൗണ്ട് സർവ്വേയുടെ വാർഷിക പരിശീലന പരിപാടി സ്ക്രൂട്ടിനി എന്നിവ നടത്തിയിട്ടുണ്ട്.

**ട. തൊഴിലും ഭവനനിർമ്മാണ വിഭാഗവും**

(a) <u>ലേബർ വിഭാഗം</u>

ഫാക്ടറികളിലും തോട്ടം മേഖലയിലും തൊഴിലെടുക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും റിപ്പോർട്ടുകൾ ശേഖരിച്ച് വാർഷിക റിപ്പോർട്ടുകളായി ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുന്നു. ഫാകടറീസ് ആക്ട് പ്രകാരമുള്ള വാർഷിക റിപ്പോർട്ട് 2011 വരെ തയ്യാറാക്കി നൽകിയിട്ടുണ്ട്.

പ്രസവാനുകൂല്യ നിയമപ്രകാരം നൽകിയിട്ടുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച റിപ്പോർട്ട് 2014 വരെയുള്ളത് ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. 2015-ലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. വ്യവസായ സംരംഭങ്ങളിലെ തൊഴിൽ തർക്കങ്ങൾ ഒഴികെയുള്ള കാരണത്താൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ചുള്ള പ്രതിമാസ റിപ്പോർട്ട് 2016 ജനുവരി മാസം വരെയുള്ളത് ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ii) <u>വേതനഘടന സർവ്വേ</u>

അഞ്ചു വർഷ കാലാവധിയാണ് വേതനഘടന സർവ്വേ നടത്തുന്നത്. 2012-2017 കാലയളവിലെ സർവ്വേ നടന്നുകൊണ്ടിരിക്കുന്നു.

ജില്ലാ ആഫീസുകളിൽ നിന്നും ശേഖരിച്ച് അയച്ചുതരുന്ന റിപ്പോർട്ടുകൾ സൂക്ഷ്മപരിശോധനയ്ക്ക് ശേഷം ക്രോഡീകരിക്കുന്നു. 2014-2015-ലെ നിർമ്മാണമേഖലയിലെ റിപ്പോർട്ട് പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ 2013-2014, 2014-2015 എന്നീ വർഷങ്ങളിലെ വാണിജ്യ മേഖലയിലെ പ്രവർത്തനങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചു.

(b) ഹൗസിംഗ് വിഭാഗം

രാജീവ് ആവാസ് യോജന (RAY) പദ്ധതിയിൽ ഉൾപ്പെടുത്തി 2014–2015 വർഷം മുതൽ അർബൻ സ്റ്റാറ്റിസ്റ്റിക്സ് ഫോർ എച്ച് ആർ ആന്റ് അസ്സസ്സ്മെന്റ് (USHA) എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൻ.ബി.ഒ.-യുടെ ഗൈഡ്ലൈൻസ് പ്രകാരം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ നിന്നും ആലപ്പുഴ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിൽ നിന്നും 2013–2014 വർഷം മുതൽ ഹൗസിംഗ് ഡാറ്റാ ത്രൈമാസങ്ങളിൽ ശേഖരിച്ച് എൻ.ബി.ഒ.-യുടെ BRIKS സോഫ്റ്റ്വെയറിൽ ഓൺലൈനായി അയച്ചു കൊടുക്കുന്ന പ്രക്രിയ ജില്ലകളിൽ നടന്നുവരുന്നു. 31-12-2015 വരെയുള്ള ഡാറ്റാ അപ്ലോഡ് ചെയ്യാൻ കഴിഞ്ഞു. കൂടാതെ ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്സുമായി ബന്ധപ്പെട്ട മറ്റു ഡാറ്റകൾ കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ആഫീസിനുകീഴിലുള്ള നാഷണൽ അക്കൗണ്ട്സ് ഡിവിഷന് ദേശീയ വരുമാനം കണക്കാക്കുന്നതിന് അയച്ചുകൊടുക്കുകയും ചെയ്തു.

കേരള സർക്കാരിന്റെ നിർദ്ദേശപ്രകാരം പഞ്ചായത്തുതലത്തിൽ ഓരോ വർഷവും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ, കെട്ടിടത്തിന്റെ ഉപയോഗം, മേൽക്കൂരയുടെ തരം എന്നീ തരംതിരിവോടെ ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലത്തിൽ ശേഖരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ വിലനിലവാരം ഭവന നിർമ്മാണ തൊഴിലാളികളുടെ വേതന നിരക്കുകളും ഓരോ പാദവർഷത്തിലും ജില്ലാ അടിസ്ഥാനത്തിൽ ഡയറക്ടറേറ്റിൽ ശേഖരിച്ച് സംഗ്രഹിച്ച് ദേശീയ കെട്ടിടനിർമ്മാണ സംഘടനകൾക്ക് അയച്ചുകൊടുക്കുന്നു. 30-6-2015 വരെയുള്ള റിപ്പോർട്ടുകൾ പൂർത്തിയായിട്ടുണ്ട്.

**7. സംസ്ഥാനവരുമാന നിർണ്ണയ വിഭാഗം**

സംസ്ഥാനത്തിന്റെ മൂലധന കണക്കുകൾ തയ്യാറാക്കുക, ആളോഹരി വരുമാനം നിർണ്ണയിക്കുക, അവ വിശകലനം ചെയ്യുക എന്നീ പ്രവർത്തനങ്ങളും ഈ വിഭാഗത്തിൽ നടന്നുവരുന്നു. ഈ വിഭാഗം നിർണ്ണയിക്കുന്ന വരുമാന കണക്കുകൾ കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്സ് ആഫീസിലെ നാഷണൽ അക്കൗണ്ട്സ് വിഭാഗവുമായി ചർച്ച നടത്തിയാണ് അന്തിമമായി

പ്രസിദ്ധീകരിക്കുന്നത്. പ്രസ്തുത കണക്കുകൾ സംസ്ഥാന സർക്കാരിനും കേന്ദ്ര സർക്കാരിനും മറ്റു ബന്ധപ്പെട്ട ഏജൻസികൾക്കും പദ്ധതി ആസൂത്രണത്തിനായി നൽകിവരുന്നു. ഇതിന്റെ ഭാഗമായി 2011-2012 അടിസ്ഥാന വർഷമായി കണക്കാക്കി 2011-2012, 2012-2013 വർഷങ്ങളിലെ കണക്കുകൾ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുമായി ചർച്ച ചെയ്ത് പുനഃനിർണ്ണയിച്ചിട്ടുണ്ട്. 2013-2014-ലെ പ്രൊവിഷണൽ എസ്റ്റിമേറ്റുകളും 2014-2015-ലെ ക്വിക്ക് എസ്റ്റിമേറ്റുകളും തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2011-2012, 2012-2013 വർഷങ്ങളിലെ ജില്ലാതല വരുമാനവും ആളോഹരി വരുമാനവും തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ വാർഷിക ബഡ്ജറ്റ് തരംതിരിച്ച് എക്കണോമിക്-കം-പർപ്പസ് ക്ലാസിഫിക്കേഷൻ നടത്തി വിശകലനം ചെയ്യുന്നതിന്റെ ഭാഗമായി 2013-2014-ലെ കണക്കും 2014-2015-ലെ പുതുക്കിയ എസ്റ്റിമേറ്റും തയ്യാറാക്കി സി.എസ്.ഒ.-യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2008-2009 മുതൽ 2011-2012 വരെയുള്ള വർഷങ്ങളിലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ടേബിളുകൾ സി.എസ്.ഒ.-യ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

## 8. കൃഷിച്ചെലവ് സർവ്വേ വിഭാഗം

പ്രധാന കാർഷിക വിളകളായ നെല്ല്—3 സീസൺ (വിരിപ്പ്, മുണ്ടകൻ, പുഞ്ച), തെങ്ങ്, കമുക്, മരച്ചീനി, ഏത്തവാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ കൃഷിച്ചെലവുമായി ബന്ധപ്പെട്ട വിവരങ്ങളാണ് സർവ്വേയിലൂടെ ശേഖരിക്കുന്നത്. 2013-2014 കാർഷിക വർഷം മുതൽ പൈനാപ്പിൾ, പാവൽ (3 സീസൺ), വള്ളിപ്പയർ (3 സീസൺ), ഏലം (ഇടുക്കി, വയനാട്, പാലക്കാട്) എന്നീ വിളകൾ കൂടി കൃഷി ചെലവ് സർവ്വേയിൽ ഉൾപ്പെടുത്തുകയും നിലവിലുള്ള സാമ്പിൾ സൈസ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## 9. കാർഷിക സെൻസസ്

കാർഷിക സെൻസസിന്റെ പ്രവർത്തനങ്ങൾ പ്രധാനമായും മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. (1) ഒന്നാം ഘട്ടം ലിസ്റ്റിംഗ്, (2) രണ്ടാം ഘട്ടം പ്രധാന സർവ്വേ, (3) മൂന്നാം ഘട്ടം ഇൻപുട്ട് സർവ്വേ ഇതുവഴി പുത്തൻ കാർഷിക നയരൂപീകരണത്തിനും വിലയിരുത്തലിനും ആവശ്യമായ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കുവാൻ കാർഷിക സെൻസസ് ലക്ഷ്യമിടുന്നു. കാർഷിക സെൻസസ് 2010-2011-ന്റെ റിപ്പോർട്ടും ഇൻപുട്ട് സർവ്വേ 2011-2012-ന്റെ റിപ്പോർട്ടും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**10. വിലയിരുത്തൽ വിഭാഗം**

കൃഷി വകുപ്പിന്റെ കീഴിലുള്ള സോയിൽ സർവ്വേ ആന്റ് സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കിയിട്ടുള്ള മണ്ണുസംരക്ഷണ പദ്ധതികളെക്കുറിച്ച് പഠനം നടത്തുകയാണ് ഇവാല്യുവേഷൻ സെക്ഷന്റെ പ്രധാന ചുമതല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്ന മണ്ണുസംരക്ഷണ പദ്ധതികൾകൂടി ഇതിൽ ഉൾപ്പെടുന്നു.

2012-13 വർഷത്തെ മണ്ണുസംരക്ഷണ സർവ്വേയുടെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2013-14 വർഷത്തെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാനുള്ള തയ്യാറെടുപ്പിലാണ്. 2014-15 വർഷത്തെ മണ്ണുസംരക്ഷണ സർവ്വേയുടെ ഷെഡ്യൂളുകൾ ഡാറ്റാ എൻട്രി നടന്നുകൊണ്ടിരിക്കുന്നു. 2015-16 വർഷത്തെ സർവ്വേയുടെ പുരോഗതി റിപ്പോർട്ട് ജില്ലകളിൽ നിന്നും ശേഖരിച്ചുവരുന്നു.

**11. വിലശേഖരണ വിഭാഗം**

അവശ്യ സാധനങ്ങളുടെ ചില്ലറ വിൽപ്പനകൾ ഉൾപ്പെടുത്തി എല്ലാ മാസവും പ്രൈസ് ബുള്ളറ്റിൻ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. തൻമാസത്തെ വിലകളും മുൻമാസത്തേയും മുൻവർഷത്തേയും തൻമാസ വിലകളും 8 ഇനങ്ങളിലായി തരംതിരിച്ച് വിശകലനം ചെയ്യുകയും ഗ്രൂപ്പടിസ്ഥാനത്തിൽ ശരാശരി വ്യതിയാന പട്ടികയും ചാർട്ട് സഹിതം ഉൾപ്പെടുത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നു. 2016 മാർച്ച് മാസം വരെ പ്രൈസ് ബുള്ളറ്റിൻ പ്രസിദ്ധീകരിച്ചു.

63 താലൂക്കിൽ നിന്നും മാസന്തോറും ശേഖരിച്ച് 45 ഇനം കാർഷിക ഉൽപ്പന്നങ്ങളുടെ കൃഷിയിടത്തെ ചില്ലറ വിലവിവരം ഡയറക്ടറേറ്റിൽ ക്രോഡീകരിച്ച് ഗസറ്റ് പ്രസിദ്ധീകരിക്കുന്നു. കൃഷിയിടത്തെ മൊത്തവിലയും ചില്ലറ വിലയും 2016 മാർച്ച് വരെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഉപഭോക്തൃ വിലസൂചിക**

മിനിമം വേതന ആക്ട് പ്രകാരമുള്ള തൊഴിലാളികളുടെ വേതനം നിശ്ചയിക്കുന്നതിന് ഈ സൂചിക ഉപയോഗിക്കുന്നു. ഈ മേഖലയിലെ തൊഴിലാളികളുടെ ക്ഷാമബത്ത കണക്കാക്കുന്നതിനും പദ്ധതി ആസൂത്രണത്തിനും വിജിലൻസ് കേസുകൾക്ക് ആവശ്യമായ കുടുംബ ചെലവ് കണക്കാക്കുന്നതിനും സൂചിക ഉപയോഗിക്കുന്നു.

3/3069/2017/S-15.

(1) കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്തവില സൂചിക.

(2) കാർഷിക വരുമാന/ചെലവ് താരതമ്യ പഠന സൂചിക.

(3) കാർഷിക വേതന സൂചിക.

എല്ലാ വിലശേഖരണങ്ങളും ഉൾപ്പെടുത്തി 2014-ലെ പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ചു. 2015 വർഷത്തെ പ്രൈസ് സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുണ്ട്.

### 12. മാർക്കറ്റ് ഇന്റലിജൻസ് വിഭാഗം

കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി തെരഞ്ഞെടുത്ത 41 മാർക്കറ്റുകളിൽ നിന്നായി 40 ഇനം കാർഷികോല്പന്നങ്ങളുടെ മൊത്തവരവിന്റെയും മൊത്ത വിലയുടെയും ആഴ്ചതോറുമുള്ള വില വിവരങ്ങൾ ശേഖരിച്ച് തെരഞ്ഞെടുത്ത സെന്ററുകളിലെ വിവരങ്ങൾ അടങ്ങിയ മാസറിപ്പോർട്ട് റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ ഡിപ്പാർട്ട്മെന്റ് ഓഫ് അനാലിസിസ് ആന്റ് പോളിസി, എറണാകുളം നോർത്ത്, ബോക്സ് നമ്പർ 3065, കൊച്ചി എന്ന സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. ഈ വിവരങ്ങൾ വാർഷിക റിപ്പോർട്ട് ഓൺ മാർക്കറ്റ് അറൈവൽസ് തയ്യാറാക്കുന്നതിന് ഉപയോഗിക്കുന്നു. 2014-ലെ റിപ്പോർട്ട് പ്രസിദ്ധീകരണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു.

### 13. കമ്പ്യൂട്ടർ വിഭാഗം

കമ്പ്യൂട്ടർ വിഭാഗം 1990-ൽ പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ കമ്പ്യൂട്ടറിന്റെ ഉപയോഗം ഡാറ്റാ പ്രോസസിംഗിനുവേണ്ടി പരിമിതപ്പെടുത്തിയിരുന്നെങ്കിലും ഇപ്പോൾ ഈ ഡിവിഷന്റെ നിയന്ത്രണത്തിൽ ഡയറക്ടറേറ്റിലെ സെക്ഷനുകൾ, ജില്ലാ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവ കമ്പ്യൂട്ടർവൽക്കരിക്കാൻ കഴിഞ്ഞു. വകുപ്പിലെ ജോലികൾ കമ്പ്യൂട്ടർ ഉപയോഗിച്ച് ചെയ്യുന്നതിന് ഇപ്പോഴുള്ള സൗകര്യം ഒരളവുവരെ പര്യാപ്തമാണ്. വകുപ്പ് നടത്തുന്ന സർവ്വേ/സെൻസസിൽ നിന്നും ശേഖരിക്കുന്ന വിവരങ്ങൾ പ്രോസസ്സ് ചെയ്ത് റിപ്പോർട്ട് എഴുതാൻ പാകമാക്കി നൽകുന്നത് കമ്പ്യൂട്ടർ വിഭാഗമാണ്. സ്ഥിതിവിവരക്കണക്കുകളുടെ വലിയ ശേഖരത്തിന്റെ പ്രോസസിംഗ്, ഡിജിറ്റലൈസേഷൻ മുതലായ ജോലികൾ ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗമാണ് ചെയ്തുവരുന്നത്. പ്രതിവർഷം ശരാശരി 30 പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നുണ്ട്.

14. ജനന മരണ സ്ഥിതിവിവരക്കണക്ക് വിഭാഗം

വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലൂടെ സിവിൽ രജിസ്ട്രേഷൻ, സ്പോട്ട് ചെക്ക് സർവ്വേ സാമ്പിൾ രജിസ്ട്രേഷൻ എന്നീ പദ്ധതികളുടെ നിർവ്വഹണം നടത്തുന്നു. അഡീഷണൽ ഡയറക്ടർ (ജനറൽ)-ന്റെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് രണ്ടു സെക്ഷനുകളായി വിഭജിച്ച് (വൈറ്റൽ സ്റ്റാറ്റിസ്റ്റിക്സും, രജിസ്ട്രേഷനും) പ്രവർത്തിക്കുന്നു. വി.എസ്. സെക്ഷന്റെ മേൽനോട്ടം ഒരു അസിസ്റ്റന്റ് ഡയറക്ടർക്കും എസ്.ആർ.എസ്സിന്റെ ചുമതല ഒരു റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർക്കും നൽകിയിട്ടുണ്ട്. ഈ രണ്ടു സെക്ഷനുകളുടേയും പ്രവർത്തനം ഏകോപിപ്പിച്ച് ഡയറക്ടറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നു. പദ്ധതികളുടെ വിശദവിവരം ചുവടെ കൊടുത്തിരിക്കുന്നു:

(a) <u>സിവിൽ രജിസ്ട്രേഷൻ</u>

കേരളത്തിലെ 1044 രജിസ്ട്രേഷൻ യൂണിറ്റുകളിൽനിന്നും ശേഖരിക്കുന്ന ജനനം, മരണം, നിർജ്ജീവ ജനനം എന്നിവ ശേഖരിച്ച് ക്രോഡീകരിച്ച് റിപ്പോർട്ടാക്കി കേന്ദ്ര സർക്കാരിന് നൽകുന്നു. 2012-2013 വർഷങ്ങളിലെ റിപ്പോർട്ട് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2014-ലെ ദേശീയതലത്തിലുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 2014-ലെ റിപ്പോർട്ടിന്റെ ടേബിളുകൾ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യക്ക് അയച്ചുകൊടുത്തു.

വാർഷിക വൈറ്റൽ സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ട് 2013 പ്രസിദ്ധീകരിച്ചു.

(b) <u>സ്പോർട്ട് ചെക്ക് സർവ്വേ</u>

പട്ടണ പ്രദേശങ്ങളിലെ ജനന-മരണ കണക്കുകൾ ശേഖരിച്ച് അവിടത്തെ ജനന-മരണ നിരക്കുകൾ കണക്കാക്കുന്നതിനും രജിസ്ട്രേഷനിൽ വന്ന കുറവ് കണ്ടുപിടിക്കുന്നതിനും വേണ്ടിയാണ് ഈ സർവ്വേ നടത്തുന്നത്. റിപ്പോർട്ട് കാലയളവിൽ കേരളത്തിലെ തെരഞ്ഞെടുത്ത എല്ലാ സ്ഥലങ്ങളിലും (29 മുനിസിപ്പാലിറ്റികളിലും, 5 കോർപ്പറേഷനുകളിലും) സർവ്വേ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയുടെ 2013-ലെ (അടിസ്ഥാന വർഷം 2012) വാർഷിക റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു.

- **സാമ്പിൾ രജിസ്ട്രേഷൻ**

കേന്ദ്ര സർക്കാരിന്റെ കീഴിൽ രജിസ്ട്രാർ ജനറലിന്റെ നിർദ്ദേശ പ്രകാരം 2014 വർഷം മുതൽ തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപ്രദേശങ്ങളിലെ 175 സാമ്പിൾ യൂണിറ്റുകളിൽ നിന്നും ജനന മരണ കണക്കുകൾ ശേഖരിക്കുന്ന

ഒരു പദ്ധതിയാണിത്. ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന ജനന മരണ രജിസ്ട്രേഷനിൽ സംഭവിക്കുന്ന അപാകതകൾ പരിഹരിച്ച് ജനന മരണ നിരക്കുകൾ കണക്കാക്കുന്നതിനുവേണ്ടിയാണ് ഈ സർവ്വേ നടപ്പിലാക്കുന്നത്. അർദ്ധവാർഷിക സർവ്വേയുടെ മുന്നോടിയായി നടത്തപ്പെടുന്ന ബെയ്സ് ലൈൻ സർവ്വേ 2014 പൂർത്തിയാക്കി 175 സാമ്പിൾ യൂണിറ്റുകളുടെയും ഡാറ്റാ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യക്ക് അയച്ചുകൊടുത്തു. തുടർന്ന് 2014, 2015 എന്നീ വർഷങ്ങളുമായി ബന്ധപ്പെട്ട അർദ്ധ വാർഷിക സർവ്വേകൾ ആരംഭിച്ചിട്ടുണ്ട്.

15. **മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് (MCCD)**

1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കിവരുന്ന ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം മരണ കാരണങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക എന്നതാണ്. പ്രസ്തുത റിപ്പോർട്ട് ആരോഗ്യപരിപാലന രംഗത്ത് രോഗപ്രതിരോധത്തിനും രോഗനിവാരണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വളരെയധികം പ്രയോജനകരമാണ്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത അഞ്ച് സെന്ററുകളായ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ മുനിസിപ്പാലിറ്റിയിലുമാണ് ഈ പദ്ധതി ഇപ്പോൾ നടപ്പാക്കി വരുന്നത്. 2014 വർഷത്തെ എം.സി.സി.ഡി. കൺസോളിഡേറ്റഡ് റിപ്പോർട്ട്, Registrar General of India അയച്ചുകൊടുത്തിട്ടുണ്ട്. 2015-ലെ റിപ്പോർട്ടുകൾ സെന്ററുകളിൽ നിന്ന് ശേഖരിച്ചുകൊണ്ടിരിക്കുന്നു.

16. **സാമ്പത്തിക സെൻസസ്**

സംസ്ഥാന സർക്കാരുകളുടെ സംയുക്ത പങ്കാളിത്തത്തോടെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് 5 വർഷത്തിലൊരിക്കൽ നടത്തുന്ന ഒരു പ്രധാന സ്ഥിതിവിവരകണക്ക് ശേഖരണ പരിപാടിയാണ് സാമ്പത്തിക സെൻസസ്. യൂണിറ്റുകളുടെ വലിപ്പമോ തൊഴിലെടുക്കുന്നവരുടെ എണ്ണമോ ഉത്പാദനത്തിന്റെ തോതോ ഉടമസ്ഥ നിലവാരമോ കണക്കിലെടുക്കാതെ മുഴുവൻ സാമ്പത്തിക യൂണിറ്റുകളുടെയും സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുക എന്നതാണ് സാമ്പത്തിക സെൻസസിന്റെ ലക്ഷ്യം.

സാമ്പത്തിക മേഖലയുടെ വിവിധ ഘടകങ്ങളിലൊന്നായ അസംഘടിത മേഖലയിലെ പ്രത്യേകിച്ചും കാർഷികേതര മേഖലയിലെ സ്ഥിതി വിവര കണക്കുകളുടെ കുറവ് നികത്തുക എന്ന ഉദ്ദേശ്യത്തോടെ 1977 മുതൽ 2005 വരെയുള്ള കാലഘട്ടത്തിൽ 5 സാമ്പത്തിക സെൻസസുകളും അനവധി അനുബന്ധ സർവ്വേകളും കേന്ദ്ര സർക്കാരിന്റെ മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷനിലെ സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് നടത്തുകയുണ്ടായി.

ആറാമത് സാമ്പത്തിക സെൻസസിന്റെ ഫൈനൽ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**17. 13-ാമത് ധനകാര്യകമ്മീഷൻ വിഭാഗം.**

2001-ൽ രൂപീകരിച്ച ദേശീയ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 13-ാമത് ധനകാര്യ കമ്മീഷൻ ജില്ലാതല സ്ഥിതിവിവര കണക്ക് ശക്തിപ്പെടുത്തുന്നതിനായി എല്ലാ ജില്ലകൾക്കും ഒരു കോടി രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇംപ്രൂവ്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം അറ്റ് സ്റ്റേറ്റ് ആന്റ് ഡിസ്ട്രിക്റ്റ് ലെവൽ എന്ന പദ്ധതി സംസ്ഥാന തലങ്ങളിൽ ഇതിനായി നടപ്പിലാക്കുന്നതാണ്. പദ്ധതി നടത്തിപ്പിനായി മൊത്തം 14 കോടി രൂപ വകയിരുത്തുകയും ഇതിലേക്കായി 2015-16 സാമ്പത്തിക വർഷം 280 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിക്കുകയും ചെയ്തിരുന്നു.

ബിസിനസ് രജിസ്റ്റർ തയ്യാറാക്കുക, കേന്ദ്ര സംസ്ഥാന എൻ.എസ്.എസ്. ഡാറ്റാ സമാഹരിക്കൽ (Pooling of NSS Data) തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളുടെ വാർഷിക ധനകാര്യ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ ശേഖരണം, ഡാറ്റാ ശേഖരത്തിനും വിതരണത്തിനുമായി നെറ്റ് വർക്കിംഗ് ശക്തി പ്പെടുത്തൽ, കൃഷിയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്ക് ശേഖരണം തുടങ്ങിയ മേഖലകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## 2015-16-ലെ പ്രവർത്തനങ്ങൾ

**1. നെറ്റ്വർക്ക്**

ജില്ല, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളെ ഡയറക്ടറേറ്റുമായി കമ്പ്യൂട്ടർ നെറ്റ്വർക്കിംഗ് മുഖേന ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം 1,28,73,086 രൂപ ചെലവഴിച്ചു.

**2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വരവ് ചെലവ് കണക്ക് ശേഖരിക്കലും ക്രോഡീകരിക്കലും**

2008-09 മുതൽ 2011-12 വരെയുള്ള റിപ്പോർട്ട് തയ്യാറാക്കി സി.എസ്.ഒ.-ക്ക് നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ 2012-13, 2013-14 എന്നീ വർഷങ്ങളിലെ റിപ്പോർട്ടും തയ്യാറാക്കിവരുന്നു.

3. **കൃഷിച്ചെലവ് സർവ്വേ**

നിലവിലുള്ള 38 താലൂക്കുകളെ കൂടാതെ 23 താലൂക്കുകളിൽ കൂടി പുതിയതായി ടി സർവ്വെ ആരംഭിച്ചു. 2014-15-ന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

4. **അപൂർവ്വ വിളകളുടെ സർവ്വേ**

അപൂർവ്വ വിളകളെ സംബന്ധിക്കുന്ന സർവ്വേ പൂർത്തീകരിക്കുകയും, റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിന്റെ നടപടി അവസാന ഘട്ടത്തിലാണ്.

5, **വാർഷിക വ്യവസായ സർവ്വേ**

2011-12, 2013-14 വർഷങ്ങളിലെ എ.എസ്.ഐ. സർവ്വെയുടെ ഡേറ്റാ എൻട്രി, വാലിഡേഷൻ എന്നിവ പൂർത്തീകരിച്ചു. എ.എസ്.ഐ. ഫീൽഡ് ജോലി പൂർത്തീകരിച്ച 2014-15 വർഷത്തെ സർവ്വെയുടെ ഡാറ്റാ എൻട്രി പുരോഗമിക്കുന്നു.

6. **പൂളിംഗ് ഓഫ് സെൻട്രൽ & സ്റ്റേറ്റ് എൻ.എസ്.എസ്. സാമ്പിൾ**

എൻ.എസ്.എസ്. 67, 68 റൗണ്ടുകളുടെ പൂൾഡ് ഡേറ്റായുടെ എസ്റ്റിമേഷൻ പൂർത്തീകരിച്ചു.

**18. ഐ. ആന്റ് ഇ. എസ്. വിഭാഗം**

സ്റ്റാറ്റിസ്റ്റിക്കൽ സിസ്റ്റം കൂടുതൽ ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടു കൂടി രൂപീകരിച്ചതാണ് ഐ. ആന്റ് ഇ. എസ്. വിഭാഗം. ടി സെക്ഷനിൽ ഒരു അഡീഷണൽ ജില്ലാ ആഫീസർ, ഒരു റിസർച്ച് അസിസ്റ്റന്റ്, ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I, ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II എന്നിങ്ങനെയുള്ള സ്റ്റാഫ് പാറ്റേൺ ആണ് ഉള്ളത്. ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ്, എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ് എന്നീ രണ്ട് റിപ്പോർട്ടുകളാണ് ഈ സെക്ഷൻ പുസ്തകങ്ങളാക്കി പ്രസിദ്ധീകരിക്കുന്നത്.

(എ) <u>ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ്</u>

ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം, ഇറിഗേഷൻ, സ്റ്റോറേജ്, കുടിവെള്ള വിതരണം, ശുചിത്വം എന്നിങ്ങനെ 6 മേഖലകളിൽപ്പെട്ട വിവരങ്ങൾ സംസ്ഥാനതലത്തിലുള്ള സർക്കാർ, സർക്കാരേതര ആഫീസുകളിൽ/ സ്ഥാപനങ്ങളിൽനിന്നും, ശേഖരിച്ച് അവലോകനം നടത്തി ക്രോഡീകരിച്ച് പ്രസിദ്ധീകരണം തയ്യാറാക്കുന്നു. 2012-13 വരെയുള്ള ഇൻഫ്രാസ്ട്രക്ചർ സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

(ബി) <u>എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ്</u>

ബയോഡൈവേഴ്സ്റ്റി, അറ്റ്മോസ്ഫിയർ, ലിത്തോസ്ഫിയർ, ഹൈഡ്രോസ്ഫിയർ, ഹ്യൂമൻ സെറ്റിൽമെന്റ് എന്നീ 5 പ്രധാനപ്പെട്ട വിഷയ മേഖലകളാക്കി വിവരശേഖരണം നടത്തുന്നു. സംസ്ഥാനതലത്തിലുള്ള വിവിധ സർക്കാർ ആഫീസുകൾ, ഏജൻസികൾ എന്നിവിടങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ അവലോകനം നടത്തി അപഗ്രഥിച്ച് റിപ്പോർട്ടാക്കി പ്രസിദ്ധീകരിക്കുന്നു. 2012–13 വർഷത്തെ എൻവയോൺമെന്റ് സ്റ്റാറ്റിസ്റ്റിക്സ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രിന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 19. പ്ലാനിംഗ്, പബ്ലിക്കേഷൻ & കോ-ഓർഡിനേഷൻ വിഭാഗം

- **പ്ലാനിംഗ്**

വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആയത് ക്രോഡീകരിച്ച് പുരോഗതി റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിന് അയച്ചുകൊടുക്കുന്നതും ടി റിപ്പോർട്ട് പ്ലാൻ സ്പേസ് എന്ന സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യുന്നതും ഈ സെക്ഷന്റെ ചുമതലകളിൽപ്പെട്ടതാണ്. ഇതിനു പുറമേ എൻ.എസ്.സി, കളക്ഷൻ ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആക്ട്-2008, സേവനാവകാശ നിയമം 2012, കോക്സോ മീറ്റിംഗുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ വകുപ്പിൽ നടപ്പിലാക്കുന്നത് ഈ സെക്ഷനിലൂടെയാണ്. പ്രതിവർഷമുള്ള വകുപ്പിന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട്, വാർഷിക പദ്ധതി നിർദ്ദേശങ്ങൾ, സബ്ജക്ട് കമ്മിറ്റി നോട്ട് എന്നിവ തയ്യാറാക്കി സർക്കാരിന് നൽകുന്നതും പ്ലാനിംഗ് സെക്ഷനാണ്.

- **പബ്ലിക്കേഷൻ**

വകുപ്പിലും മറ്റു വകുപ്പുകളിലും സർവ്വേകളിലൂടെയും അല്ലാതെയും ശേഖരിക്കുന്ന ഡാറ്റാകൾ സംയോജിപ്പിച്ച് പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുകയാണ് ഈ സെക്ഷന്റെ പ്രധാന ചുമതല. Panchayat level Statistics, Statistics for Planning, Gender Statistics, Statistical hand book തുടങ്ങിയവ ഇത്തരത്തിൽ തയ്യാറാക്കിയ പ്രസിദ്ധീകരണങ്ങളാണ്. വിവിധ സെക്ഷനുകൾക്കാവശ്യമായ ഷെഡ്യൂളുകൾ, ഫോറങ്ങൾ, പ്രസിദ്ധീകരണങ്ങൾ മുതലായവ വകുപ്പിലെ പ്രസ്സിൽ നിന്നും പ്രിന്റ് ചെയ്തുനൽകുന്നു. വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് IMG, NSSTA തുടങ്ങിയ പരിശീലന കേന്ദ്രങ്ങൾ നടത്തുന്ന പരിശീലന പരിപാടികളിൽ ജീവനക്കാരെ പങ്കെടുപ്പിക്കുന്നതും, വകുപ്പിലെ വിവിധ സെക്ഷനുകളിൽ നടത്തുന്ന സർവ്വേക്കാവശ്യമായ ഷെഡ്യൂളുകൾ വകുപ്പിൽ തയ്യാറാക്കുന്ന പ്രസിദ്ധീകരണങ്ങൾ എന്നിവ സർക്കാർ പ്രസ്സിൽ അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതും ഈ വിഭാഗമാണ്.

- **ഏകോപന വിഭാഗം**

കാർഷിക/കാർഷികേതര കണക്കുകൾ ശേഖരിക്കുന്നതിനായി വകുപ്പിന്റെ ഒരു യൂണിറ്റ് 41-ഓളം വരുന്ന ലൈൻ ഡിപ്പാർട്ടുമെന്റുകളിൽ പ്രവർത്തിച്ചു വരുന്നു. അതാത് വകുപ്പുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തി ആസൂത്രണ കാര്യങ്ങൾക്കായി സർക്കാരിനെ സഹായിക്കുന്നത് ഈ യൂണിറ്റുകളാണ്.

**20. ട്രെയിനിംഗ് വിഭാഗം**

ജി.ഒ. (പി) നമ്പർ 1/04/പി&എആർഡി തീയതി 1-1-2004 നമ്പർ ഉത്തരവ് പ്രകാരം 2004 മുതൽ സ്റ്റേറ്റ് ട്രെയിനിംഗ് പോളിസിയുടെ (STP) ഭാഗമായി ട്രെയിനിംഗ് ഡിവിഷന്റെ കീഴിൽ ഐ.എം.ജി.-യുമായി ചേർന്ന് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ മൂന്ന് റീജിയനുകളിലായി ആകെ 15 ട്രെയിനിംഗുകളാണ് പ്ലാൻ ചെയ്തത്. ഇതിൽ ഐ.എം.ജി. കൊച്ചി-4, ഐ.എം.ജി. കോഴിക്കോട്-5, ഐ.എം.ജി. തിരുവനന്തപുരം-3, ഡി.ഇ.എസ്-3 എന്നിങ്ങനെ ആകെ 15 ട്രെയിനിംഗുകളും 2015-16 സാമ്പത്തിക വർഷത്തിൽ നടത്തിയിട്ടുണ്ട്. 15 ട്രെയിനിംഗുകളിലായി മൊത്തം 450 ജീവനക്കാർക്ക് ഈ സാമ്പത്തിക വർഷം പരിശീലനം നൽകി. ഇതിൽ ഒരു ഇൻഡക്ഷൻ ട്രെയിനിംഗും 5 കമ്പ്യൂട്ടർ ട്രെയിനിംഗുകളും 3 അഡ്മിനിസ്ട്രേറ്റീവ് മാറ്റേഴ്സ് ട്രെയിനിംഗും സ്റ്റാറ്റിസ്റ്റിക്സ് വിഷയം അടിസ്ഥാനമാക്കി 6 ട്രെയിനിംഗുകളും ഉൾപ്പെടുന്നു.

**21. വിവരാവകാശ നിയമം**

റിപ്പോർട്ട് വർഷത്തിൽ ശ്രീ. എൻ. സുരേഷ് കുമാർ (ഡെപ്യൂട്ടി ഡയറക്ടർ) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറുടെയും, ശ്രീ. എ. മുരുകൻ (അസിസ്റ്റന്റ് ഡയറക്ടർ) അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ആഫീസറുടെയും ശ്രീ. സജീവ്, പി. പി. (ജോയിന്റ് ഡയറക്ടർ) അപ്പീൽ അധികാരിയുടെയും ചുമതല വഹിച്ചിരുന്നു.

2015-16 സാമ്പത്തിക വർഷം വിവരാവകാശ നിയമ പ്രകാരം അപേക്ഷകരിൽ നിന്ന് നേരിട്ട് 127 അപേക്ഷകളും അപേക്ഷകരിൽ നിന്ന് നേരിട്ടല്ലാതെ (മറ്റ് വകുപ്പുകളിൽ നിന്നും) 11 അപേക്ഷകളും ഉൾപ്പെടെ 138 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 124 അപേക്ഷകൾക്ക് റിപ്പോർട്ട് വർഷം

തന്നെ മറുപടി നൽകിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം ലഭിച്ച അപേക്ഷയിൽ മറുപടി നൽകാനുണ്ടായിരുന്ന 2 അപേക്ഷകൾക്ക് കൂടി 2015-16 സാമ്പത്തിക വർഷം മറുപടി നൽകിയിട്ടുണ്ട്. ആകെ ലഭിച്ച 8 അപ്പീൽ ഹർജികളും റിപ്പോർട്ട് വർഷത്തിൽ തന്നെ തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷാ ഫീസിനത്തിലും പകർപ്പ് തുടങ്ങിയവയിലുമായി ആകെ 2,746 രൂപ റിപ്പോർട്ട് വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

## 22. കേരള സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ

17-12-2014-ലെ മിനിസ്ട്രി ഓഫ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ എ.ഡി.ജി. (ഐ.എസ്.എസ്.പി.)-യുടെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിൽനിന്നും പ്രോജക്ട് നിർവ്വഹണത്തിനായി സംസ്ഥാനത്തിന് നിലവിലെ ധാരണാ പത്രത്തിലെ വകയിരുത്തലായ 49,37,818 കോടി രൂപയ്ക്ക് പകരമായി 14.9925 കോടി രൂപയുടെ അടിസ്ഥാനത്തിൽ ധാരണാപത്രം റിവൈസ് ചെയ്യുവാൻ നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ ഓരോ ആക്ടിവിറ്റിക്കും വകയിരുത്താവുന്ന കേന്ദ്ര ഫണ്ട് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ ധാരണാപത്രം പുതുക്കുകയും ആയത് സംസ്ഥാന സർക്കാരും MOS & PI-യും അംഗീകരിക്കുകയും ചെയ്തു.

പുതുക്കിയ ധാരണാപത്രം അനുസരിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മൊത്തം പദ്ധതി തുകയായ 16.25 കോടി രൂപയിൽ നാളിതുവരെ പദ്ധതി നിർവ്വഹണത്തിനായി ചെലവായ 3.91 കോടി രൂപ കിഴിച്ച് 12.338 കോടി രൂപയാണ് (11.29 കോടി രൂപ കേന്ദ്ര പദ്ധതി വിഹിതവും 1.048 കോടി രൂപ സംസ്ഥാന വിഹിതവും) പ്രോജക്ട് നിർവ്വഹണത്തിനായി അവശേഷിക്കുന്നത്. പുതുക്കിയ ധാരണാ പത്രത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാം ഗഡുവായി Ministry of Statistics & Programme Implementation (MOS & PI)-ൽ നിന്നും അനുവദിച്ച 937.122 ലക്ഷം രൂപയിൽ 2013-14 വർഷാവസാനം ചെലവാകാതിരുന്ന 5.66 കോടി രൂപ 2015-16 സാമ്പത്തിക വർഷത്തേക്ക് കേന്ദ്ര സർക്കാർ റീവാലിഡേറ്റ് ചെയ്ത് തന്നിട്ടുണ്ട്. വകുപ്പിന്റെ അഭ്യർത്ഥനയെ തുടർന്ന് പ്രോജക്ടിന്റെ നിർവ്വാഹണ കാലയളവ് 2016-17 വരെയായി കേന്ദ്ര സർക്കാർ നീട്ടി തന്നിട്ടുണ്ട്.

കെ.എൽ.എസ്.എസ്.എസ്.പി. പ്രോജക്ടുകളിൽ ശുപാർശ ചെയ്തിട്ടുള്ള ഒട്ടുമിക്ക ആക്ടിവിറ്റികളുടെയും നിർവ്വഹണം ഇതിനകം ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ ടി സ്കീമിൽ ഉൾപ്പെടുത്തി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(a) ഇൻഫർമേഷൻ ടെക്നോളജി ശക്തിപ്പെടുത്തൽ

ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിലും ജില്ലാ താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകളിലെയും ഐ.സി.റ്റി ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡയറക്ടറേറ്റുകളിലേക്കും, വിവിധ ജില്ലാ താലൂക്ക് ഓഫീസുകളിലേക്കുമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികളുടെ ഭാഗമായി വിദഗ്ദ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ഡയറക്ടറേറ്റിലേക്കും, വിവിധ ജില്ലാ താലൂക്ക് ഓഫീസുകളിലേക്കുമായി 150 ലാപ്ടോപ്പുകളും 75 പ്രിന്ററുകളും വാങ്ങുന്നതിനായി ഇ-ടെന്റർ നടപടികൾ ആരംഭിക്കുകയും സർക്കാർ അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ പൂർത്തിയാക്കുന്നതുമാണ്.

(b) ഐ.സി.റ്റി.യു-മായി ബന്ധപ്പെട്ട അനുബന്ധ ചെലവുകൾ

വകുപ്പിലെ പ്രധാന സ്കീമായ പ്രൈസ് കളക്ഷന്റെ ഭാഗമായി ദിവസേനയുള്ള അത്യാവശ്യ സാധനങ്ങളുടെ (50 ഇനങ്ങൾ) വിലശേഖരണവും എല്ലാ വെള്ളിയാഴ്ച ദിവസങ്ങളിലും ശേഖരിക്കുന്ന 20 ഇന സാധനങ്ങളുടെ വിലകളും പഴവർഗ്ഗങ്ങളുടെ വീക്കിലി ഹോൾസെയിൽ/റീട്ടെയിൽ പ്രൈസ് എന്നിവ ഓൺലൈൻ ആയി ശേഖരിക്കുന്നതിനായി വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ ഡെവലപ്പ് ചെയ്യുകയും പ്രവർത്തനക്ഷമത തെളിയിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ഡേറ്റാ ഡിജിറ്റൈസേഷന്റെ ഭാഗമായി രണ്ടുവർഷത്തെ ഡേറ്റാ ഭാവിയിൽ ഉപയോഗിക്കുന്നതിനായി ഡേറ്റാ ബെയിസായി ടി സോഫ്റ്റ്‌വെയർ കമ്പ്യൂട്ടറിൽ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

(c) സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരണം

സംസ്ഥാനത്തെ സ്റ്റാറ്റിസ്റ്റിക്കൽ ആക്ടിവിറ്റികളുടെ കോ-ഓർഡിനേഷൻ ഫലപ്രദമാക്കുന്നതിനായി സംസ്ഥാന സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരിക്കുന്നതിനായി നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടിൽ ഉൾപ്പെടുത്തുകയും ആയതിൻപ്രകാരം സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു. കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും അതോറിറ്റിയെ സംബന്ധിച്ചും ചെയർമാന്റെയും അംഗങ്ങളുടെയും സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചും ഉത്തരവായിട്ടുണ്ട്.

(d) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയും വിദഗ്ദ്ധ സമിതികളും

വിവരശേഖരണ സംവിധാനം കുറ്റമറ്റതാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിനുമായി ഈ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി സർക്കാർ രൂപീകരിക്കുകയുണ്ടായി. ലൈൻ ഡിപ്പാർട്ട്മെന്റുകളിൽ പ്രവർത്തിക്കുന്ന സ്റ്റാറ്റിസ്റ്റിക്കൽ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ലൈൻ ഡിപ്പാർട്ട്മെന്റുകളിലെ റിപ്പോർട്ടിംഗ് മെക്കാനിസം ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ നേതൃത്വത്തിൽ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ നിർദ്ദേശിക്കുവാൻ കെ.എൽ.എസ്.എസ്.എസ്.പി. റിപ്പോർട്ടിൽ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട ലൈൻ ഡിപ്പാർട്ട്മെന്റുകളിലെ വിവരശേഖരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ടി വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായുള്ള കോർഡിനേഷൻ മീറ്റിംഗ് റ്റി.എ.സി.യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

വകുപ്പ് നടത്തിവരുന്ന പ്രധാന സ്കീമുകളായ അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ്, പ്രൈസ് & പ്രൈസ് ഇൻഡിസസ്, സ്റ്റേറ്റ് ഇൻകം തുടങ്ങിയവയുടെ നിലവിലെ മെത്തഡോളജി പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പരിഷ്കരിക്കുന്നതിനുമായി പ്രോജക്ടിൽ ശുപാർശ ചെയ്തിട്ടുള്ള വിദഗ്ധ സമിതികൾ സർക്കാർ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷം നാളിതുവരെ അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് വിദഗ്ധ സമിതി 2 യോഗങ്ങൾ വീതവും നടക്കുകയുണ്ടായി.

(e) ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം

വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനായി ഇന്ന് ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ വകുപ്പിന്റെ തന്നെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി കെ. എൽ. എസ്. എസ്. എസ്. പി. റിപ്പോർട്ടിൽ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ആവശ്യം ധാരണാപത്രത്തിൽ ഉൾപ്പെടുത്തുകയും 440.00 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

കെ.എൽ.എസ്.എസ്.എസ്.പി. പ്രോജക്ടിൽ ശുപാർശ ചെയ്തിട്ടുള്ള ട്രെയിനിംഗ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (SASA) നിർമ്മാണത്തിന് പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കട്ടയ്ക്കോട് അനുയോജ്യമായ സ്ഥലം

കണ്ടെത്തുകയും രജിസ്ട്രേഷൻ നടപടികളും മറ്റും ബി. എസ്.എൻ.എൽ. എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച പ്ലാൻ എസ്റ്റിമേറ്റ് സർക്കാർ അംഗീകരിക്കുകയും കെട്ടിട നിർമ്മാണത്തിനായി ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കാട്ടാക്കടയിൽ താൽക്കാലികമായി വാടകക്കെട്ടിടത്തിൽ ആരംഭിക്കുകയും ചെയ്തു.

(f) വർക്ക് സ്റ്റഡി—കേഡർ സ്ട്രക്ചർ ആന്റ് പേഴ്സണൽ മാനേജ്മെന്റ്

കെ. എൽ. എസ്. എസ്. എസ്. പി.-യുമായി ബന്ധപ്പെട്ട് ഒപ്പുവച്ച ധാരണാപത്രത്തിലെ പ്രധാന ആക്ടിവിറ്റിയാണ് Work Study-Cadre Structure and Personnel Management എന്നത്. ടി ആവശ്യത്തിനായി 30 ലക്ഷം രൂപ പ്രോജക്ടിൽ ആദ്യ വർഷം വകയിരുത്തിയിട്ടുണ്ട്. സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് ഡയറക്ടറും ഡയറക്ടർ ജനറലുമായി 11-3-2014-ന് കരാർ ഒപ്പുവെയ്ക്കുകയും വർക്ക് സ്റ്റഡിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(g) <u>യൂസർ കൺസൾട്ടേഷൻ ആന്റ് സ്ട്രങ്തനിംഗ് ഓഫ് സ്റ്റാറ്റിസ്റ്റിക്കൽ കോ-ഓർഡിനേഷന്റെ ഭാഗമായ വർക്ക്ഷോപ്പ്/സെമിനാറുകൾ/പരിശീലന പരിപാടികളും സംഘടിപ്പിക്കൽ</u>

സാസയുടെ ആഭിമുഖ്യത്തിൽ 2015-16 വർഷം Collection of Statistics Act 2008-നെ സംബന്ധിച്ച് ജീവനക്കാരിലും പൊതുജനങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനം നൽകുന്നതിനായി 30 ട്രെയിനേഴ്സിനുവേണ്ടി കാട്ടാക്കടയിൽ ആരംഭിച്ച ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് രണ്ട് ദിവസത്തെ പരിശീലന പരിപാടി MOS & PI-യിലെ ഒഫിഷ്യൽസിന്റെ സഹായത്താൽ 2016 ജനുവരി ദിവസത്തിൽ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ വകുപ്പിലെ ജില്ലാ താലൂക്ക് തലത്തിൽ നിന്നുള്ള ഉയർന്ന ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് Effective Office Management-നെ സംബന്ധിച്ച 2 ദിവസത്തെ പരിശീലന പരിപാടിയും ടി ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി 2016 മാർച്ച് മാസം സംഘടിപ്പിക്കുകയുണ്ടായി.

(h) <u>സ്റ്റാറ്റിസ്റ്റിക്സ് ഫോർ ലോക്കൽ ലെവൽ പ്ലാനിംഗ്</u>

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ Local Level Database Strengthen ചെയ്യുന്നതിനും work paper തയ്യാറാക്കൽ, workshop-കൾ സംഘടിപ്പിക്കൽ, Data collection format printing Local Bodies-ലെ

Infrastructure വർദ്ധിപ്പിക്കൽ, Data Capturing Software development എന്നീ പ്രവർത്തനങ്ങളാണ് പ്രോജക്ടിൽ ടി ആക്റ്റിവിറ്റിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. Local Level Planning-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി സെക്രട്ടറി ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം പഞ്ചായത്തുതലത്തിൽ ബേസിക് ലെവൽ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് ഡേറ്റാകളുടെ ലഭ്യത മനസിലാക്കി പെർഫോർമ ഡിസൈൻ ചെയ്യുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും 14 പഞ്ചായത്തുകൾ തെരഞ്ഞെടുക്കുകയും ടി പഞ്ചായത്തുകളിൽനിന്നും അടിസ്ഥാന വിവരങ്ങളെ സംബന്ധിച്ച് നിശ്ചിത പെർഫോർമയിൽ വിവരശേഖരണം നടത്തുകയും ടി വിവരങ്ങൾ കൺസോളിഡേറ്റ് ചെയ്ത് റിപ്പോർട്ട് ആക്കുകയും ചെയ്തു.

(i) Crop Area & Production Estimates—ഇ.എ.ആർ.എ.എസ്. മെത്തഡോളജി റിവിഷൻ

അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ 5 ജില്ലകളിലെ (കാസർഗോഡ്, വയനാട്, എറണാകുളം, ഇടുക്കി, ആലപ്പുഴ) തെരഞ്ഞെടുത്ത 5 സോണുകളിൽ ഇ.എ.ആർ.എ.എസ്. മെത്തഡോളജി റിവിഷന്റെ ഭാഗമായി പൈലറ്റ് സ്റ്റഡി നടത്തുകയും ആയതിന്റെ ഡേറ്റാ എൻട്രി പൂർത്തിയാക്കി അന്തിമ വിശകലനത്തിനായി Dr. U. C. Sud (Director, IASRI)-യ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

കൂടാതെ ഇ.എ.ആർ.എ.എസ്. മെത്തഡോളജി റിവിഷന്റെ ഭാഗമായി വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശ പ്രകാരം ആലപ്പുഴ, പാലക്കാട് ജില്ലകളിലെ 30 തെരഞ്ഞെടുത്ത നെൽക്കൃഷിയിടങ്ങളിൽ ജി.ഐ.എസ്. ടെക്നോളജി ഉപയോഗിച്ച് Area Enumeration-നു വേണ്ടി നെല്ലിന്റെ വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തുകയും ആയതിന്റെ വിവരങ്ങൾ കമ്മിറ്റി വിശകലനം നടത്തുകയും ചെയ്തു.

(j) <u>കൺസ്യൂമർ പ്രൈസ് ഇൻഡക്സ് ഫോർ റൂറൽ ആന്റ് അർബൻ തയ്യാറാക്കൽ</u>

പ്രോജക്ടിൽ ശുപാർശ ചെയ്തിട്ടുള്ള പ്രകാരം പ്രൈസ് ആന്റ് പ്രൈസ് ഇൻഡിസസ് വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശപ്രകാരം സി.എസ്.ഒ.-യുടെ മെത്തഡോളജിയുടെ അടിസ്ഥാനത്തിൽ കൺസ്യൂമർ പ്രൈസ്

ഇൻഡക്സ് ഫോർ റൂറൽ ആന്റ് അർബൻ ജനറേറ്റ് ചെയ്യുന്നതിനായുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 2 സെന്ററുകളായ തിരുവനന്തപുരം, കോഴിക്കോട് എന്നീ സെന്ററുകളിൽ മാർക്കറ്റ് സർവ്വേ നടത്തുകയുണ്ടായി.

(k) കൃഷി ചെലവ് സർവ്വേ

പ്രോജക്ടിലെ പുതുക്കിയ ധാരണാപത്രത്തിൽ Data quality and efficiency improvement measures എന്ന ആക്ടിവിറ്റിയിൽ വകുപ്പ് നടത്തിവരുന്ന കൃഷി ചെലവ് സർവ്വെയുമായി ബന്ധപ്പെട്ട സംസ്ഥാനത്തെ 23 താലൂക്കുകളിൽ Paddy, Banana, Coconut, Tapioca, Pepper, Ginger and Turmeric എന്നീ വിളകളെ സംബന്ധിച്ച ഒരു സാമ്പിൾ സർവ്വെ നടത്തുന്നതിനായി ആവശ്യമായ തുക വകയിരുത്തുകയും അതനുസരിച്ച് 23 താലൂക്കുകളിൽ സർവ്വെ ജോലികൾ പുരോഗമിക്കുന്നു.

(l) നാഷണൽ സാമ്പിൾ സർവ്വേ പാർട്ടിസിപ്പേഷൻ

വകുപ്പ് നടത്തിവരുന്ന നാഷണൽ സാമ്പിൾ സർവ്വേയുടെ 61 മുതൽ 66 വരെയുള്ള റൗണ്ടുകളിലെ റിപ്പോർട്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ ടി സർവ്വേയുടെ ടാബുലേഷൻ ജോലികളും റിപ്പോർട്ട് ജനറേഷനും അടിയന്തിരമായി പൂർത്തീകരിക്കുന്നതിനായി പ്രോജക്ടിൽ ഉൾപ്പെടുത്തുകയും അതിന്റെ ഭാഗമായി 61 റൗണ്ടിലെ രണ്ട് റിപ്പോർട്ടുകളും 62 റൗണ്ടിലെ ഒരു റിപ്പോർട്ടും 63 റൗണ്ടിലെ ഒരു റിപ്പോർട്ടും പൂർത്തിയാക്കുകയും, അവ പ്രസിദ്ധീകരിക്കുകയും ചെയ്തു.

(m) Advocacy Issues-ന്റെ ഭാഗമായി പബ്ലിസിറ്റി

വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും സംസ്ഥാനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ വകുപ്പ് ശേഖരിക്കുന്ന വിവിധ സ്ഥിതിവിവര കണക്കുകൾ ഏതെല്ലാം രീതിയിൽ ഉപയോഗിക്കുന്നു എന്നതിനെ സംബന്ധിച്ചും വകുപ്പിലെ വിവിധ പ്രസിദ്ധീകരണങ്ങളെ കുറിച്ചും പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി 25 ലക്ഷം രൂപ പ്രോജക്ടിൽ വകയിരുത്തിയിരുന്നു. വകുപ്പിനെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഓണം വാരാഘോഷത്തിന്റെ ഭാഗമായി ഫ്ളോട്ട് അവതരിപ്പിച്ചിരുന്നു. കൂടാതെ എറണാകുളം ജില്ലയിൽ 2016 ജനുവരി മാസം സർക്കാർ സംഘടിപ്പിച്ച റിപ്പബ്ലിക് ദിന ആഘോഷങ്ങളുടെ ഭാഗമായി വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഫ്ളോട്ട് അവതരിപ്പിച്ചിരിക്കുന്നു.

23. റാഷണലൈസേഷൻ ഓഫ് മൈനർ ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്സ് (RMIS)

കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജലവിഭവ മന്ത്രാലയത്തിന്റെ നിയന്ത്രണത്തിൽ 100% കേന്ദ്ര സഹായത്തോടെ 22-8-1988-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 375/88/പ്ലാനിംഗ് പ്രകാരം കേരള സംസ്ഥാനത്ത് ആരംഭിച്ച പദ്ധതിയാണ് റാഷണലൈസേഷൻ ഓഫ് മൈനർ ഇറിഗേഷൻ സ്റ്റാറ്റിസ്റ്റിക്സ് (ആർ.എം.ഐ.എസ്.) ടി പദ്ധതി പ്രകാരം സംസ്ഥാന ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഒരു ആർ.എം.ഐ.എസ്. സെൽ രൂപീകരിച്ചു. ടി സെല്ലിന്റെ നോഡൽ ആഫീസർ ജലസേചന വകുപ്പ് (ഭരണ വിഭാഗം) ചീഫ് എഞ്ചിനീയറാണ്.

രാജ്യത്തിന്റെ കാർഷിക വികസന പദ്ധതികൾക്ക് ആവശ്യമായ ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന് ചെറുകിട ജലസേചന മേഖലയിൽ പ്രവർത്തിക്കുന്ന പദ്ധതികളെക്കുറിച്ചും ആ മേഖലയിലെ ജലസ്രോതസ്സുകളെ കുറിച്ചും സമഗ്രവും വസ്തുനിഷ്ഠവും വിശ്വസനീയവുമായ യഥാർത്ഥ വിവരശേഖരണം തയ്യാറാക്കുകയാണ് ആർ.എം.ഐ.എസ്. സെല്ലിന്റെ ദൗത്യം.

ജലസേചന വകുപ്പ്, കൃഷി വകുപ്പ്, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, ഗ്രാമവികസന വകുപ്പ്, സാമൂഹ്യക്ഷേമ വകുപ്പ് മുതലായ വകുപ്പുകളിൽ നിന്നും, ജില്ലാ ലീഡ് ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, കാർഷിക വികസന ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ടി റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്.

റിപ്പോർട്ട് വർഷം ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ച് വിവരങ്ങൾ വിവിധ വകുപ്പുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് നാല് ത്രൈമാസ പുരോഗതി റിപ്പോർട്ടുകളും 2014-15 കാർഷികവർഷം അടിസ്ഥാനമാക്കിയുള്ള വാർഷിക റിപ്പോർട്ടും തയ്യാറാക്കി കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിക്കുകയുണ്ടായി.

2013-14 അടിസ്ഥാന വർഷമായി നിശ്ചയിച്ച് ആരംഭിച്ച അഞ്ചാമത് മൈനർ ഇറിഗേഷൻ സെൻസസിന്റെ ഫീൽഡ് എന്യൂമറേഷൻ ജോലികൾ എല്ലാ ജില്ലകളിലും 2015 ഏപ്രിൽ മാസം ആരംഭിച്ചു. 2015 നവംബർ മാസത്തിൽ ഫീൽഡ് എന്യൂമറേഷൻ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

**സാസായുടെ പ്രവർത്തന റിപ്പോർട്ട് (2015-16)**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ട്രെയിനിംഗ് നടത്തുന്നതിനുവേണ്ടി കെ.എൽ.എസ്.എസ്.എസ്.പി. പദ്ധതിയിൽ ഉൾപ്പെടുത്തി സാസായ്ക്കുവേണ്ടി പ്രത്യേക സെക്ഷനായി പ്രവർത്തനം ആരംഭിക്കുകയും സാസായുടെ രൂപീകരണവുമായി ബന്ധപ്പെട്ട് കാട്ടാക്കടയിൽ ഒരേക്കർ സ്ഥലം വാങ്ങുകയും നിലവിൽ ഒരു സ്വകാര്യ കെട്ടിടം വാടകയ്ക്ക് എടുക്കുകയും 30-9-2015 സാസായുടെ പ്രവർത്തന ഉദ്ഘാടനം നടത്തുകയും ചെയ്തു. സാസായ്ക്കുവേണ്ടി ഒരു വെബ്സൈറ്റ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. സാസായെ ഒരു ദേശീയ നിലവാരത്തിലുള്ള സ്ഥാപനമായി മാറ്റുന്നതിന് റിസർച്ച് സെന്റർ അഡ്വൈസറി കമ്മിറ്റി സൊസൈറ്റി രൂപീകരണം എന്നിവയ്ക്കുവേണ്ടിയുള്ള നടപടി ആരംഭിച്ചു.

## മറ്റിനം വിഷയങ്ങൾ

**വകുപ്പിലെ പരാതി പരിഹാര സെല്ലിനെ സംബന്ധിച്ച വിവരങ്ങൾ**

വനിതാ ജീവനക്കാർക്ക് തങ്ങളുടെ ജോലിസ്ഥലത്ത് ഏതെങ്കിലും വിധത്തിലുള്ള പീഡനങ്ങൾ ഉണ്ടാവുകയാണെങ്കിൽ അത് സംബന്ധിച്ച് പരാതി നൽകുന്നതിനും അതിൻമേൽ അന്വേഷണം നടത്തുന്നതിനുമായി വകുപ്പുതലവന്റെ കാര്യാലയത്തിൽ രൂപീകരിച്ച പരാതി പരിഹാര കമ്മിറ്റിയിൽ ചെയർപേഴ്സൺ അടക്കം ഏഴ് അംഗങ്ങൾ നിലവിലുണ്ട്.

**ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് ഫയലുകളുടെ എണ്ണം**

റിപ്പോർട്ട് വർഷം 100% ഫയലുകൾ മലയാളത്തിലാണ് കൈകാര്യം ചെയ്തിട്ടുള്ളത്. 2015-16 വർഷത്തിൽ മലയാളത്തിൽ കൈകാര്യം ചെയ്ത ഫയലുകളുടെ എണ്ണം-74,989.

**കമ്പ്യൂട്ടർവൽക്കരണത്തിന്റെ പുരോഗതിയെ സംബന്ധിച്ച വിവരങ്ങൾ**

1990-ൽ പ്രവർത്തനമാരംഭിച്ച കമ്പ്യൂട്ടർ സെക്ഷനാണ് വകുപ്പിന്റെ ഇതു സംബന്ധമായ എല്ലാ ജോലിയും നിർവ്വഹിക്കുന്നത്. ഡിപ്പാർട്ട്മെന്റിന്റെ കമ്പ്യൂട്ടർ സംബന്ധമായ ആവശ്യങ്ങൾക്ക് ഒരളവുവരെ ഇപ്പോഴുള്ള സൗകര്യം പര്യാപ്തമാണ്. റിപ്പോർട്ടുവർഷം ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തുന്നതിന് 30 ലക്ഷം രൂപ വകയിരുത്തിയതിൽ 27.64 ലക്ഷം രൂപ ചെലവഴിച്ചു.

ടി കാലയളവിൽ വകുപ്പിന് ഇന്ത്യാ ഗവൺമെന്റിൽനിന്നോ മറ്റ് ഏജൻസികളിൽ നിന്നോ അവാർഡുകളോ ബഹുമതികളോ ലഭിച്ചിട്ടില്ല.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

വി. എസ്. സെന്തിൽ,

*അഡീഷണൽ ചീഫ് സെക്രട്ടറി.*

സെക്രട്ടറി, കേരള നിയമസഭ, നിയമസഭാ സമുച്ചയം, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ, ഡിപ്പാർട്ട്മെന്റ് ഓഫ് എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, ഐ.എം.ജി., തിരുവനന്തപുരം.

ഡയറക്ടർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ഇന്ദ്രപ്രസ്ഥ എസ്റ്റേറ്റ്, റിംഗ് റോഡ്, ന്യൂഡൽഹി-2.

പൊതുഭരണ (എ.ആർ) വകുപ്പ്.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

തീർപ്പ് ഫയൽ/കരുതൽ കോപ്പി.

902